പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 1602 — 14.06.2013 - ൽ മറുപടിയ്ക്ക്

**വൃക്കരോഗ സമാശ്വാസ പദ്ധതി**

ചോദ്യം — ഉത്തരം

ശ്രീ. വി. ശശി

ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | വൃക്കരോഗ സമാശ്വാസ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) | വൃക്ക തകരാർ സംഭവിച്ച് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ. കുടുംബങ്ങളിൽപ്പെട്ടവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ഇത്തരം രോഗികൾക്ക് പ്രതിമാസം 525/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു. |
| (ബി) | ഈ പദ്ധതിയിൽ എത്ര പേർക്ക് സഹായം നൽകി; എത്ര ലക്ഷം രൂപ കഴിഞ്ഞ സാമ്പത്തിക വർഷം ചെലവാക്കി; വിശദാംശം ലഭ്യമാക്കുമോ ; | (ബി) | പദ്ധതി നിർദ്ദേശങ്ങൾ പ്രകാരം പൂർണ്ണരേഖകൾ സഹിതം ലഭിച്ച 46 അപേക്ഷകർക്ക് ധനസഹായം വിതരണം ചെയ്യുന്ന നടപടി പൂർത്തിയായി വരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ഈ പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടില്ല. |
| (സി) | ഈ പദ്ധതിയുടെ അപേക്ഷ ഐ.സി.ഡി.എസ്. സൂപ്പർ വൈസർ വഴി ഗ്രാമപഞ്ചായത്തുകളിൽ സ്വീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) | പദ്ധതി സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന സാഹചര്യത്തിൽ ഇപ്പോൾ ഇക്കാര്യം പരിഗണനയിലില്ല |

R. Vijayan

സെക്ഷൻ ഓഫീസർ